

# സ്മൃതി

## സ്കൂൾ മാഗസിൻ

ജി വി എച്ച് എസ് എസ് വാകേരി

2024-25



# സമർപ്പണം

കുട്ടികളുടെ വിദ്യാഭ്യാസ വികസനത്തിന് പ്രാധാന്യം നൽകി വരുന്ന ഇക്കാലത്തു കുട്ടികളുടെ സർഗാത്മക രചനകൾക്ക് വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് . കഥ ,, കവിതകൾ ,ലേഖനങ്ങൾ എന്നിവ ഉൾപ്പെടുത്തി അവർക്കെന്നും ഓർമയിൽ നിക്കത്തക്ക വിധത്തിൽ സ്‌മൃതി എന്ന ഈ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു ........





# ഉള്ളടക്കം


1.നാടിനെ തഴുകുന്ന മഞ്ഞു ______ 1

2.വിലാപങ്ങൾ ______ 2

3.സ്വർണ്ണമുട്ട ______ 3

4.സൗഹൃദം ______ 4

5.മധുരനെല്ലിക്ക ______ 5

6.നമ്മുടെ അമ്മ ______ 6

7.വായനയുടെ ആഴത്തിലേക്ക് ______ 7

8.I Love My Dream ______ 8

9.എന്റെ ഓണക്കാലം ______ 9

10.അമ്മ ______ 10

11.എന്റെ അവധിക്കാലം ______ 11

12.കൊമ്പന്മാർ ______ 12

13.കുഞ്ഞുവിന്റെ പിറന്നാൾ ______ 13

14.മാനും കുറുക്കനും ______ 14

15.അമലിന്റ ചേട്ടൻ ______ 15

16.സ്നേഹം ______ 16

# നാടിനെ തഴുകുന്ന മഞ്ഞു

ഒരു വസന്തകാലം തുടങ്ങുമ്പോൾ

നാടിനെ തഴുകികൊണ്ട് മഞ്ഞു വീഴുകൾ

പൂവിതളുമ്പോൾ കൊച്ചു മരത്തിന്റെ

ചില്ലകൾ പോലും മരത്തിന്റെ വിശാലമായ

കുളിർമയിൽ മുങ്ങിയെഴുന്നേൽക്കുന്നു

മലയടിവാരത്തിലെ

മരത്തിന്റെ

ചില്ലയിൽ കൂടുകൂട്ടി

താമസിക്കുന്ന

കിളികളും തടാകങ്ങളും

പോലും

മഞ്ഞിന്റെ കുളിർമയെ ഒരു _

അനുരാഗമായി കരുതുകയാണ് .



സായി കൃഷ്ണ 9C

# വിലാപങ്ങൾ

വിലാപങ്ങൾ
അധികാരം കൊതി
പൂണ്ട മേലാളർ ഗർജ്ജിക്കുന്ന
ട്രക്കുകൾ,തോക്കുകൾ,
ചിതറി തെറിക്കുന്ന
ചോറിയും മാംസവും,
ഉയരുന്ന വിലാപങ്ങൾ,
തകരുന്ന പ്രതീക്ഷകൾ,
ജീവിതമെത്ര നിഷ്ഫലം
ഒരു യുദ്ധവും ഇനിമേൽ
വേണ്ട !
ഒരു വിലാപവും ഇനിമേൽ
വേണ്ട.
ഇസ്രായേൽ



ഗരാജ്ജനവും ഗാസയുടെ
വിലാപവും ഭൂമിയെ
പൊളിക്കുമ്പോൾ
അനാഥമാകുന്ന ദൈന്യ
ബാല്യം ഇനി വേണ്ട യുദ്ധവും
ഇനിവേണ്ട
ദുരിതം.
ഉണരൂ മാനവ ജനത്തെ
വീണ്ടുമൊരു പുലരിക്കായ്.....

എമീമ 8A

# സ്വർണ്ണമുട്ട


തുണി അലക്കുന്ന ഒരു ചേച്ചി ഉണ്ടായിരുന്നു.ആ ചേച്ചിയുടെ പേര് അമൃത എന്നാണ്.ആ ചേച്ചിക്ക് മൂന്ന് സഹോദരന്മാരുണ്ടായിരുന്നു.ആ സഹോദരന്മാർക്ക് അത്യാഗ്രഹവും ആർത്തിയും കൂടുതലായിരുന്നു.ചേച്ചി തുണി അലക്കുന്ന സമയത്ത് ഒരു സ്വർണ്ണമുട്ട പുഴയിലൂടെ ഒഴുകി വന്നു.സ്വർണ്ണം ആയതിനാൽ വളരെ ഭദ്രമായിട്ടാണ് ചേച്ചി സൂക്ഷിച്ചത്.തന്റെ അനിയന്മാർ സ്വർണ്ണമുട്ടയെ പറ്റി അറിഞ്ഞാൽ മുട്ടയ്ക്ക് വേണ്ടി എന്തും ചെയ്യും എന്ന് ചേച്ചിക്ക് ഉറപ്പ് ഉണ്ടായിരുന്നു.ഒരു ദിവസം ചേച്ചി സ്വർണ്ണമുട്ട എടുത്ത് നോക്കുന്നത് സഹോദരന്മാർ കണ്ടു. ഇതിനെ തുടർന്ന് തർക്കങ്ങൾ ഉണ്ടായി.ചേച്ചിയുടെ കയ്യിൽ നിന്ന് മുട്ട തട്ടിയെടുക്കാൻ നേരത്ത് വാതിലിൽ ഒരു മുട്ട് കേട്ടു.ചേച്ചിയെ ഒരു മുറിയിൽ പൂട്ടിയിട്ടു .വാതിൽ തുറന്നു നോക്കിയപ്പോൾ ഒരു കോടീശ്വരൻ മുട്ടയ്ക്ക് വേണ്ടി വന്നിരുന്നു.കോടീശ്വരൻ വീട് പരിശോധിച്ചപ്പോൾ സ്വർണ്ണമുട്ട ലഭിച്ചു. അപ്പോൾ ഇവരാണ് മുട്ട മോഷ്ടിച്ചത് എന്ന് കരുതി കോടീശ്വരൻ പോലീസിനെ വിളിച്ചു.പോലീസ് വീട് അന്വേഷിക്കുന്നത് ചേച്ചി വാതിലിലെ ചെറിയ ദ്വാരത്തിലൂടെ കണ്ടു.പോലീസുകാർ ഈ അനിയന്മാരെ കോടതിയിലേക്ക് കൊണ്ടുപോയി.ഈ മുട്ട എവിടെ നിന്ന് ലഭിച്ചു എന്ന ചോദ്യത്തിന് അവർ സഹോദരിയുടെ കയ്യിൽ നിന്ന് ലഭിച്ചതാണെന്നു പറഞ്ഞു.ആ സമയം കോടീശ്വരൻ,ആ വീട്ടിൽ ഇവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് പറഞ്ഞു.ഇത് കോടീശ്വരന്റെ സ്വർണ്ണ മുട്ടയാണെന്ന് തെളിഞ്ഞു.സഹോദരൻമാരെ ജയിലിലേക്ക് കൊണ്ട് പോകാൻ തീരുമാനിച്ചു.ആ കോടീശ്വരനും കൂടെ പോയി.

കോടീശ്വരൻ തന്റെ സ്വർണ്ണ മുട്ട തന്റെ കൈയിൽ തന്നെ വെച്ചു. പോലീസുകാർ അത് ഞങ്ങളുടെ കൈയിൽ തന്നെ വെക്കാം ഇല്ലെങ്കിൽ പോകുന്ന വഴി അത് കളഞ്ഞുപോകാൻ സാധ്യത ഉണ്ടെന്നു പോലീസുകാർ പറഞ്ഞു.പക്ഷെ അദ്ദേഹം അത് വലിയ കാര്യമാക്കി എടുത്തില്ല.പോകുന്ന വഴി പോലീസ് ജീപ്പ് ഒരു കുഴിയിലൂടെ കടന്നപ്പോൾ വണ്ടി കുലുങ്ങി കോടീശ്വരന്റെ കയ്യിലെ മുട്ട ഒരു ചതുപ്പിലേക്ക് വീണു.പഴയ വീടായിരുന്നതിനാൽ ചേച്ചിക്ക് പുറത്തിറങ്ങാൻ വലിയ പ്രയാസം ഒന്നും ഉണ്ടായിരുന്നില്ല.ഇതിലൂടെ അത്യാഗ്രഹവും ആർത്തിയും പാടില്ല എന്ന് ഈ കഥ നമ്മോട് പറയുന്നു.

AJAL JIJIMON 8C

# സൗഹൃദം

നാലാം ക്ലാസ്സിലാണ് ഈ സ്ക്രൂലേക്ക് വന്നത് .അപ്പോൾ എനിക്ക് ഫ്രണ്ട് ആരും ഉണ്ടായിരുന്നില്ല .പിന്നീട് ആറാം ക്ലാസ്സിലാണ് എനിക്ക് നല്ല ഫ്രണ്ട്സിനെ കിട്ടിയത് .പിന്നീട് അവൾക്ക് വേറെ ഫ്രണ്ടിനെ കിട്ടിയപ്പോൾ എന്നെ അകറ്റാൻ തുടങ്ങി .അന്ന് എന്റെ ജീവിതത്തിലേക്ക് പുതിയൊരു



അനുഭവം കിട്ടി .ആരെയും കണ്ണടച്ചു വിശ്വസിക്കാനും അതിരുകടക്കും വിധം ആരെയും സ്നേഹിക്കാനും പാടില്ലെന്ന് .പിന്നീട് കൊറോണ വന്നു എല്ലാരെംതന്നെ അകറ്റി .പിന്നീട് എനിക്ക് നല്ലരു ഫ്രണ്ട്സിനെക്കിട്ടിയത് എട്ടാം ക്ലാസ്സിലാണ് .ആ ഫ്രണ്ട്സ് എന്നുപറയുന്നത് എന്റെ ശത്രുക്കളായിരുന്നു .ഞങ്ങൾ ആദ്യകാലത്തു പരസ്പരം വെറുത്തവരായിരുന്നു .ഇപ്പോൾ ഞങ്ങൾ ഒരിക്കലും പിരിയാനാവാത്ത കൂട്ടുകാരായി . പുതിയ ആളുകൾ ജീവിതത്തിലേക്ക് കടന്നുവരുമെന്നു അറിയാം .ആരൊക്കെ എന്റെ ജീവിതത്തിൽ സ്പെഷ്യൽ ആകുമെന്നു അറിയില്ല .അതുപോലെ എന്റെ ജീവിതത്തിൽനിന്ന് അകലാത്ത ഒരു ഫ്രണ്ട് ആണ് 'അമ്മ .എത്ര വിശ്വസിച്ചാലും സ്നേഹിച്ചാലും വിഷമം തരാത്ത സുഹൃത്ത് അതാണെന്റെ അമ്മ .

NILJA KRISHNA 9C

# മധുരനെല്ലിക്ക

ഒരു ഗ്രാമത്തിൽ ഒരു കുട്ടിയുണ്ടായിരുന്നു പേര് അപ്പു . അവന് മുത്തശ്ശിയുണ്ടായിരുന്നു. അപ്പുവിന്റെ അച്ഛനും അമ്മയും കാറപകടത്തിൽ മരണപ്പെട്ടു .അതിനാൽ അവന്റെ മുത്തശ്ശിയാണ് അവനെ വളർത്തുന്നത് .വളരെ കഷ്ടപ്പെട്ടാണ് അവനെ അവന്റെ മുത്തശ്ശി വളർത്തുന്നത്. ഈ വാര്ധക്യകാലത്തും അവന്റെ മുത്തശ്ശി ചോരനീരാക്കിയാണവനെ വളർത്തുന്നത് . അപ്പു ഒരുദിവസം സ്ക്രൂൾ വിട്ട് തിരിച്ചുവരുംവഴി അവന് സ്ക്രൂളിനടുത്തുള്ള ഒരു പെട്ടിക്കടയിൽ പുതുതായി നെല്ലിക്കകൾ ഒരു ഭരണിയിലാക്കി ഉപ്പിലിട്ടു വെച്ചിരിക്കുന്നു . അവന്റെ കൂട്ടുകാരെല്ലാം അത് വാങ്ങിക്കുന്നു അത് കണ്ട അവനും അത് കഴിക്കാൻ കൊതി തോന്നി . പക്ഷെ അവന്റെ അടുത്ത അത് വാങ്ങിക്കാനുള്ള പണം ഉണ്ടായിരുന്നില്ല . അവൻ അങ്ങനെ വിഷമിച്ച് വീട്ടിലേക്ക് നടന്നു അവന്റെ മനസ്സിൽ ആ നെല്ലിക്ക മാത്രമാണുണ്ടായിരുന്നത് . അവന് അത് കൊടുക്കാനുള്ള പൈസ അവന്റെ മുത്തശ്ശിയോട് ചോദിക്കാനുള്ള മനസ്സ് ഉണ്ടായിരുന്നില്ല . ഒരു ദിവസം അവന്റെ മുത്തശ്ശി പുറത്തു പോയപ്പോൾ അവിടെ അവന്റെ മുത്തശ്ശി വെച്ച പൈസ അവൻ കണ്ടു . അവന്റെ മനസ്സ് അതെടുക്കാൻ പറഞ്ഞു പക്ഷെ അതെല്ലാം നോക്കി കണ്ടു പുറത്തു മുത്തശ്ശി ഉണ്ടായിരുന്നു . മുത്തശ്ശിക്ക് ഈ കാര്യമെല്ലാം അറിയാമായിരുന്നു . പക്ഷെ പിന്നീട് അവന്റെ മനസ്സ് അതിൽ നിന്ന് പിന്തിരിപ്പിച്ചു അങ്ങനെ അടുത്ത ദിവസം സ്ക്രൂൾ വിട്ട് അപ്പു വീട്ടിൽ എത്തിയപ്പോൾ മുത്തശ്ശി അവന് ഒരു സമ്മാനം കൊണ്ടു വന്നു അവനാഗ്രഹിച്ച നെല്ലിക്ക . ആ നെല്ലിക്ക മുത്തശ്ശി അവന് കൊടുത്തു . അത് കണ്ടപ്പോൾ അപ്പു അവന്റെ മുത്തശ്ശിയെ കെട്ടിപ്പിടിച്ച് ഒരു ഉമ്മ കൊടുത്ത് .

VAIGA KRISHNA N 8C

# നമ്മുടെ അമ്മ



നമ്മുടെ അമ്മയാണ്
തണൽ 'അമ്മ ഭൂമിയാണ്
ഭൂമിമാതാവാണ്.
അമ്മയില്ലാത്ത ലോകത്ത്
നമ്മുക്ക് ജീവിക്കാൻ
ആവില്ല. കാരണം 'അമ്മ
നമ്മുക്ക് എല്ലാമാണ്.
നമ്മുക്ക് എന്തെങ്കിലും
സംഭവിച്ചാൽ 'അമ്മ
ഓടിയെത്തും 'അമ്മ നമുക്ക്
ജന്മം തന്ന ഒരു വ്യക്തിയും കൂടിയാണ് ഈ
പ്രപഞ്ചത്തിൽ അമ്മയേക്കാൾ വലിയ പോരാളി
ആരുംതന്നെയില്ല 'അമ്മ സുന്ദരമാണ്
അമ്മയുടെ മനസ്സും സുന്ദരമാണ് ആരും അമ്മയെ
തള്ളിപറയരുത്. അമ്മയുടെ കാണുനീർ
ആരും കാണാതെ പോവരുത് 'അമ്മ
പ്രകൃതിയെക്കാൾ സുന്ദരമാണ്

LINIYA 8C

# വായനയുടെ ആഴത്തിലേക്ക്

നാം വായിച്ചു വളരണം

ചെറു വായനയിലൂടെ

നമ്മുക്ക് ദുഃഖങ്ങൾ അകറ്റാം

ചെറു കവിതയും നമ്മെ

മലയാളത്തിന്റെ തനിമയിൽ എത്തിക്കും

സുന്ദരമാം അക്ഷരത്തിൽ

മധുരമായി വായിച്ചു വളരണം

നന്മയും തിന്മയും തിരിച്ചറിയാനും

ദേഷ്യം സങ്കടം അകറ്റി നിർത്താനും

നമ്മുക്ക് വായിച്ചു വായിച്ചു വളരാം

vaiga Vinod 8B



# I Love My Dream

Once I stood in my dream.
In the coast of the sea,
With my partner sitting beside's me.

Knowing that we are alone,
In the gleaming sunset.
We talk about our future,
And then we walk together.

Walking in the
shiningmoonlight,
Looking in the full
moon.
She say's about the life
we want,
And we pray together for our love.



Athul krishna .T.D 9A

# എന്റെ ഓണക്കാലം

ഓണക്കാലം വന്നല്ലോ,
ഓണത്തപ്പനെ വരവേൽക്കാൻ
പോകളമൊരുക്കൻ ധൃതിയായി
ഓണക്കാലം വർരവേൽകാൻ
ഓണസദ്യഒരുക്കുന്നു
ഉഞ്ഞാലാടാൻ ഉണ്ണികളോടി ...
ലണ്ടനിൽ നിന്നും അമ്മാവൻ
ഓണക്കോടിയുമായി വന്നല്ലോ
ഓണക്കാലം വന്നല്ലോ
ഓണത്തപ്പനെ വരവേൽക്കാൻ ...



നയന.സി.വി 8A

# 'അമ്മ '

പാരിൽ പിറന്നൊരു  നാളിലാ മാറിലെ
ചൂടു പകർന്നു പിന്നെന്നും
കോരിയെടുത്തെന്നേ വാരിപ്പുണർന്നെന്റെ
നെറുകയിൽ ഉമ്മകൾ തന്നു ....

കുഞ്ഞിളം പൂവുപോലുള്ളൊരു എൻ
മേനിയിൽ  എണ്ണപുരട്ടിയതമ്മ
വെള്ളിത്തളികയിൽ വെള്ളം നിറച്ചു എന്നു
മെന്നെ കുളിപ്പിച്ചതമ്മ ഉച്ചിയിൽ
വെള്ള മിറങ്ങാതെ കച്ചകൊണ്ടെന്നെ തുവർത്തിയതമ്മ....

കണ്ണേറുതട്ടാതെ എൻ കവിളിൽ മഷി_
പൊട്ടൊന്നുതൊട്ടമ്മ പിച്ചവെച്ചു
നടന്നൊരു കലാമെൻ കൈപിടിച്ചു കൂടിവന്നു
ഉച്ചവെയിലത്തു കളിച്ചു നടന്നപ്പോ_
ഉച്ചത്തിൽ എന്നെ വിളിച്ചു........

അച്ഛന്റെ ചൂരലിൽ തുമ്പത്തു നിന്ന് എന്നെ
എന്നും  ഒളിപ്പിച്ചതെന്നമ്മ.......

അശ്വിൻ ബാബു  9B

# എന്റെ അവധിക്കാലം




പണ്ട് പണ്ട് അങ്ങ് വലിയൊരു നാട്ടിൽ
മാളുവും എന്ന പറയുന്നരു കുട്ടി ഉണ്ടായിരുന്നു
അവൾ തന്റെ അമ്മയുടെയും അച്ഛന്റെയും ക്രൂടെയാണ്
താമസിക്കുന്നത് അവൾ l നിലാണ് പഠിക്കുന്നത്
മിഡിക്കിയാണ്
മാളു . അങ്ങനെ ഒരിക്കൽ മാളു തന്റെ അമ്മയോട്
പറഞ്ഞു അമ്മെ.... നമ്മുക്ക് തറവാട്ടിലേക്ക്പോവം
എന്തിനാ മാളു... 'അമ്മ പറഞ്ഞു എനിക്ക്
മുത്തശിനെയും ◌ുത്തശ്ശനെയും കാണാൻ
കൊതിയാവുന്നു . മോൾക്ക് സ്ക്രൂൾ ഇല്ലേ നമുക്ക്
അവകാലത് പോവാം .മാളു തറവാട്ടിലേക്ക് പോവാം
അവതിക്കുവേണ്ടി കാത്തിരിക്കുകയാണ്
ഏറെ ദിവസങ്ങൾ കഴിഞ്ഞ അവധിവന്നെത്തി
മാളു തുള്ളിചാടി .അമ്മെ നമ്മുക്ക് തറവാട്ടിലേക്ക്
പോവാം .മാളു നോട് 'അമ്മ പറഞ്ഞു തുള്ളിച്ചാടിയത് മതി
നമ്മുക്ക് പോവാം .അങ്ങനെ അവർ അടുത്ത ദിവസം
പുറപ്പെട്ടു .മല്ലുവിന് സന്തോഷം കൊണ്ട് ഉള്ള നിറഞ്ഞു
അങ്ങനെ അവർ തറവാട്ടിൽ എത്തി .മാളു മുത്തശ്ശിയുടെ
അടുത്തേക്ക് ഓടി മുത്തശ്ശി പറഞ്ഞു .ഏത് അറ വന്നത്
എന്തുണ്ട് മാളു സുഖമാണോ . ആ മുത്തശ്ശി
മുത്തശ്ശിക്ക് സുഖമാണോ ആ മാളു സുഖം
മുത്തശ്ശനെവിടെ ? പാടാത്ത പോയി മുത്തശ്ശി
മുത്തശി നമ്മുക്ക് പുറത്തു പോയാലോ .'അമ്മ പറഞ്ഞു
മാളു നീ എപ്പോ വന്നത്തെയല്ലേയുള്ളു മുത്തശ്ശിയെ
ബുദ്ധിമുട്ടിക്കല്ലേ മോളെ അവൾ കുഞ്ഞല്ലേ അവൾ കാലിക്കറ്റ്
മുത്തശ്ശി ... മുത്തശ്ശി ..കുരങ്ങി പൂച്ച എവിടെ
അവനെ ഒരാൾ കൊണ്ട് പോയി. അയ്യോ
അങ്ങനെ മാളുവും മുത്തശ്ശിയും കുടി പാടത്തു
കുന്നിലും എല്ലാം ചുറ്റി കറങ്ങി
മുത്തശ്ശി എന്ത് ബാങ്ങിയ ഇ സ്ഥലം കാണാൻ
ഇ ഓര്മ ഞാൻ ഒരിക്കലും മറക്കില്ല .അങ്ങനെ
അവർ തിരിച്ചു നാട്ടിലേക്ക് പോയി . മാളു തറവാട്ടിലെ
കരിങ്ങളെല്ലാം ഓർത്ത സ്ക്രൂളിലേക്ക് പോയി.

Amrutha 8b

# കൊമ്പന്മാർ

പണ്ട് പണ്ട് ഒരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു.അവർക്ക് നെയ്യപ്പം തിന്നാൻ കൊതിയുണ്ടായിരുന്നു.അവർ ഒരു ദിവസം നെയ്യപ്പം ഉണ്ടാക്കാൻ തീരുമാനിച്ചു.അന്നേരം അമ്മൂമ്മ വിറകില്ല എന്ന് പറഞ്ഞു.അപ്പൂപ്പന് അപ്പോൾ അടുത്തുള്ള ഒരു കാടിനെ പറ്റി ഓർമ വന്നു.അപ്പൂപ്പൻ ഓടിച്ചെന്ന് കോടാലിയും കയർ എടുത്തു.അപ്പൂപ്പൻ അമ്മൂമ്മയെ കൂട്ടി കാട്ടിൽ പോയി.അപ്പോളാണ് നമ്മുടെ വനപാലകനായ നിഹാദിന്റെ വരവ്.കൂടെ വയനാടിന്റെ അഭിമാനമായ പടയപ്പയുടെ പാപ്പാനായ അതുലിന്റെ വരവ്.അവർ അപ്പൂപ്പനെയും അമ്മൂമ്മയെയും ജയിലിലാക്കി.കാരണം അവർ ചന്ദനം കടത്തുകാരാണ്.രണ്ട് ദിവസത്തിന് ശേഷം അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും സംഘത്തിൽ ഉള്ളവർ വന്ന്  ജയിലിൽ നിന്ന് അപ്പൂപ്പനെയും അമ്മൂമ്മേനെയും രക്ഷിക്കാൻ ശ്രമിച്ചു.അപ്പോൾ പടയപ്പെന്റെയും സുഹൃത്തായ അരിക്കൊമ്പന്റെയും ചക്കകൊമ്പന്റേയും വരവ്.അവർ അപ്പൂപ്പന്റെ കൂട്ടുകാരെ അടുത്തുള്ള കനാലിൽ എടുത്തെറിഞ്ഞു.അങ്ങനെ മൂന്ന് വർഷത്തിന് ശേഷം കൂട്ടുകാർ ആനയെ കൊല്ലാൻ വന്നു.അരിക്കൊമ്പനെയും ചക്കക്കൊമ്പനെയും മയക്ക് വെടി വെച്ചു .പടയപ്പയെ കൊല്ലാൻ ശ്രമിച്ചു.പടയപ്പയുടെ കണ്ണ് അടയാൻ നേരത്ത് അരിക്കൊമ്പൻ എഴുന്നേറ്റു .പടയപ്പ അപ്പോഴേക്ക് ചെരിഞ്ഞു .ദേഷ്യം വന്ന അരിക്കൊമ്പൻ  രണ്ട് മൂന്ന് മരങ്ങൾ ഓടിച്ചു.അരിക്കൊമ്പൻ ചക്കക്കൊമ്പനെ എഴുന്നേൽപ്പിച്ചു .എന്നിട്ട് അരിക്കൊമ്പനും ചക്കക്കൊമ്പനും പടയപ്പയെ കൊന്നവരെ കൊന്നു .



ALPHY JAISON 8B

# കുഞ്ചുവിന്റെ പിറന്നാൾ

ഒരു ദിവസം കുഞ്ചു എല്ലാവരെയും വീട്ടിലേക്ക് ക്ഷണിക്കുകയായിരുന്നു.അപ്പോൾ അവന്റെ ഫ്രണ്ട് ആയ അപ്പു ചോദിച്ചു നീ എന്തിനാണ് എല്ലാവരെയും ക്ഷണിക്കുന്നത്.അപ്പു നാളെ എന്റെ പിറന്നാൾ ആണ്.നീയും നാളെ എന്റെ വീട്ടിലേക്ക് വരണം.അങ്ങനെ കുഞ്ചു എല്ലാവരേയെയും ക്ഷണിച്ചു.മുത്തശ്ശിയുടെ അടുത്ത് ചെന്നു പറഞ്ഞു.മുത്തശ്ശി പറഞ്ഞു നീ നിന്റെ അച്ഛനോടും അമ്മയോടും ചോദിച്ചോ.കുഞ്ചു പറഞ്ഞു ഇല്ല.കുഞ്ചു ഒരു എടുത്തുചാട്ടക്കാരനായിരുന്നു അവൻ ആരെയും അനുസരിക്കുക ഇല്ലായിരുന്നു.മുത്തശ്ശിയുടെ വാക്ക് കേട്ട് അവന്റെ പിറന്നാൾ ആഘോഷിക്കാൻ തീരുമാനിച്ചു.അങ്ങനെ അവന്റെ പിറന്നാൾ ദിവസം ക്ഷണിക്കാത്ത ഒരു വ്യക്തി വന്നു.അയാൾ ഒരു സമ്മാന പൊതി കൊടുത്തു.അതിനകത്ത് കുറേ മിഠായികൾ ഉണ്ടായിരുന്നു.ആ മിഠായി ആരും കാണാതെ അവൻ കഴിച്ചു.പിറ്റേ ദിവസം അയാളെ സ്ക്കൂളിന്റെ മുന്നിൽ നിന്ന് കണ്ടു.അയാൾ മിഠായി കൊടുത്തു.തുടർന്ന് കുറച്ചു ദിവസം അയാൾ മിഠായി കൊടുത്തു.കുറച്ച് ദിവസത്തിന് ശേഷം അയാൾ പറഞ്ഞു ഇനി മിഠായി വേണമെങ്കിൽ പൈസ കൊണ്ട് വരണം എന്ന് പറഞ്ഞു.അതിന് കുഞ്ചു വീട്ടിൽ നിന്ന് പൈസ മോഷ്ടിച്ചു.കുറച്ച് ദിവസത്തിന് ശേഷം പോലീസ് അയാളെ പിടിച്ചു.അയാൾ പറഞ്ഞു കുഞ്ചു വിനാണ് കൊടുക്കുന്നത് എന്ന് പോലീസ് കുഞ്ചുവിന്റെ വീട്ടിലേക്ക് വന്നു .കുഞ്ചുവിന്റെ അച്ഛനോടും അമ്മയോടും കാര്യങ്ങളുടെ ഗൗരവം പറഞ്ഞുകൊടുത്തു .അങ്ങനെ വീട്ടുകാരും പോലീസുകാരും കൂടി ഈ അപകടത്തിൽ നിന്ന് രക്ഷിക്കാനുള്ള മാർഗങ്ങൾ പറഞ്ഞു കൊടുത്തു.മാസങ്ങൾക്ക് ശേഷം കുഞ്ചു ജീവിതത്തിലേക്ക് തിരിച്ചെത്തിയ സന്തോഷമാണ് അമ്മയ്ക്കും അച്ഛനും.

ANUSREE M S 8B

# മാനും കുറുക്കനും

പണ്ട് പണ്ട് ഒരു കൊച്ചു കാട്ടിൽ മാനും കുറുക്കനും സുഹൃത്തുക്കൾ ആയിരുന്നു മാനിനെ കുറിച്ച് പറയുകയാണ് എങ്കിൽ അതി ബുദ്ധിശാലിയും നീളമുള്ള കൊമ്പും ഉണ്ട് കുറുക്കനെ കുറിച്ച് പറയുകയാണെങ്കിൽ വഞ്ചകനും ചതിയനുമാണ് തക്കം കിട്ടിയാൽ മാനിനെ കൊന്ന് തിന്നാനും ശ്രമിക്കും അങ്ങനെ ഒരിക്കൽ കാട്ടിലൂടെ നടന്ന് കൊണ്ടിരിക്കുമ്പോൾ രണ്ട് പേർക്കും ദാഹിച്ചു അപ്പോൾ കുറുക്കൻ ഒരു കിണർ കണ്ടു കുറുക്കന് ഒരു ആശയം തോന്നി മാനിനോട് കുറുക്കൻ പറഞ്ഞു കിണറിൽ വെള്ളമുണ്ടോ എന്ന് നോക്കാൻ പറഞ്ഞു.മാൻ കിണറിൽ നോക്കികൊണ്ടിരിക്കുമ്പോൾ പുറകിൽ നിന്ന് കുറുക്കൻ മാനിനെ കിണറിലേക്ക് ഉന്തി ഇട്ടു കിണറിൽ വീണ മാൻ പറഞ്ഞു: ചതിയനും വഞ്ചകനും ആയ കുറുക്കാ എന്തായാലും ഞാൻ കിണറിൽ വീണു എന്നെ വന്ന് തിന്നോ .അത് കേൾക്കേണ്ട താമസംകിണറിലേക്ക് കുറുക്കൻ ചാടി ചാടിയ കുറുക്കന്റെ പുറത്തിൽ ചാടി മുകളിലേക്ക് മാൻകുതിച്ചു രക്ഷപെട്ട മാൻ കുറുക്കനോട് പറഞ്ഞു:ചതിയനായ കുറുക്കാ എന്നെ തിന്നുന്നത് സ്വപ്നം കണ്ട് അവിടെ വെള്ളം കുടിച്ച് ഇരുന്നോ.

ARJUN K M 8B

# അമലിന്റെ ചേട്ടൻ

ഒരു സ്ക്കൂളിന്റെ മുറ്റത്തിരുന്ന് ഒരു കുട്ടി കരയുന്നു .ആ കുട്ടിയുടെ പേര് അമൽ. ഏഴാം ക്ലാസ്സിൽ ആണ് അവൻ പഠിക്കുന്നത് .അവൻ കരയുന്നത് കണ്ട അവന്റെ പ്രിയപ്പെട്ട മായ ടീച്ചർ അവനോട് കാര്യം അന്വേഷിച്ചു .അപ്പോൾ അവൻ ഒന്നുമില്ല എന്ന് പറഞ്ഞെങ്കിലും ടീച്ചർക്ക് മനസിലായി എന്തോ കുഴപ്പം ഉണ്ട് .

ടീച്ചർ അവനെ കൗൺസിലിങ് റൂമിലേക്ക് കൂട്ടികൊണ്ട് പോയി കാര്യം ചോദിച്ചു. അപ്പോൾ അവൻ പറഞ്ഞു ടീച്ചറെ ആരോടും പറയരുത് ഇന്നലെ ഞാൻ നടന്ന് വരുമ്പോൾ കുറച്ച് ചേട്ടന്മാർ പൈസ കൊടുത്ത് എന്തോ പൊതി വാങ്ങുന്നത് ഞാൻ കണ്ടു എനിക്കുറപ്പാ അത് കഞ്ചാവ് ആണ് മായാ ടീച്ചർ ഇടപെട്ടു അതിന് എന്തിനാ നീ കരയുന്നത്

അമൽ കരഞ്ഞു കൊണ്ട് പറഞ്ഞു ആ ചേട്ടന്മാരിൽ ഒരാൾ എന്റെ ചേട്ടനാണ് .ടീച്ചർക്ക് അറിയുമോ എനിക്ക് അച്ഛനും അമ്മയും ഒന്നുമില്ല ചേട്ടൻ മാത്രമേ ഉള്ളൂ ഈയിടെയായിട്ട് എന്റെ ചേട്ടന്റെ സ്വഭാവം മാറിത്തുടങ്ങിയിട്ടുണ്ട് ചേട്ടന്റെ അടുത്ത പോയാൽ ഒരു മണം ആണ് എനിക്ക് തോന്നുന്നത് അത് കഞ്ചാവ് ആണ് എന്നാണ് അപ്പോൾ ടീച്ചർ പറഞ്ഞു നീ എന്തിനാ പേടിക്കുന്നത് ഞങ്ങൾ ഇല്ല.അങ്ങനെ അവന്റെ ചേട്ടനെ ഡീഅഡിക്ഷൻ സെന്ററിൽ ആക്കി അവനെ ഹോസ്റ്റലിലും.അങ്ങനെ അവന്റെ ചേട്ടനെ അവന് തിരിച്ച് കിട്ടി.

JUSTIN JOSE 8B

# സ്നേഹം

ഒരു അമ്മക്ക് കുട്ടികൾ ഇല്ലാത്ത സങ്കടത്തിൽ 'അമ്മ ഒരു രാജാവിന്റെ അടുത്ത പോയത്.അവിടെ നിന്ന് അമ്മക്ക് ഒരു വിത്ത് രാജാവ് കൊടുത്തു അമ്മ വീട്ടിൽ എത്തി ആ വിത്തിനെ 'അമ്മ ഒരു ചട്ടിയിലാക്കി സൂക്ഷിച്ചു. ആ ചെടി അമ്മ അമ്മയുടെ സ്വന്തം കുഞ്ഞിനെ പോലെ നോക്കി വെള്ളം എല്ലാ ദിവസവും മറക്കാതെ അമ്മ അതിന് കൊടുത്തു .ചെടി വലുതായി ചെടിയിൽ പൂവ് വിരിയാൻ സമയമായി. അമ്മയുടെ ഉള്ളിൽ വേവലാതി ആയി

പിറ്റേ ദിവസം അമ്മ പൂവിനെ നോക്കി ഒരു മാറ്റവും ഇല്ല മൊട്ട് മാത്രം. അത് വിരിയാൻ അമ്മ കാത്തിരുന്നു പിറ്റേ ദിവസം പൂവിനെ നോക്കി വേഷമിച്ചപ്പോൾ ആ പൂ പെട്ടന്ന് വിരിഞ്ഞു. അതിൽ ഒരു സുന്ദരിയായ ഒരു കുഞ്ഞും .അതിനെ കണ്ട അമ്മ ഞെട്ടിപ്പോയി. അമ്മ അതിനെ എടുത്ത് നന്നായി നോക്കി വളർത്തി .രാത്രി കുറെ

മനുഷ്യന്മാർ ആ കുഞ്ഞിനെ കൊണ്ട് പോയി .അവർക്ക് അവളെ കെട്ടാൻ തീരുമാനിച്ചു അവൾക്ക് അതിന് ഒരു താല്പര്യവും ഉണ്ടായിരുന്നില്ല .പിന്നെ അവിടെ നിന്ന് ഒരു പൂന്തോട്ടത്തിന്റെ രാജാവ് അവളെ ഇഷ്ടപ്പെട്ടു വിവാഹം കഴിച്ചു അവളെ റാണിയാക്കി. അപ്പോഴും അമ്മയുടെ ചിന്ത ഒരു പൂവിൽ നിന്ന് കിട്ടിയ കുട്ടി എനിക്ക് നോക്കി വളർത്താൻ പറ്റിയെല്ലോ എന്നായിരുന്നു.

AJANYA 8C

# നന്ദി പൂർവം

ഒരിടം സൃഷ്ടിക്കുകയാണ് നമ്മൾ .
സൗഹൃദത്തിന്റെയും , സംവാദത്തിന്റെയും
വിശാലതയുള്ള ഒരിടം .
അക്ഷരങ്ങളുടെ പച്ചപ്പും ,സർഗാത്മകയുടെ
സൗന്ദര്യവും ഹൃദ്യമാകുന്ന ഒരിടം .
വായനയുടെ വേറിട്ട ഇടത്തിൽ നമുക്കിനി
ഒരുമിച്ചു നടക്കാം
നിങ്ങളുടെ സ്നേഹത്തിനു നന്ദി

സ്നേഹപൂർവ്വം ,

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ

